"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ ഡയറ്റിലെ സീനിയർ ലക്ചറർ ശ്രീ.കെ.പ്രമോദിനെ സർവീസിൽ പുനഃപ്രവേശിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1702/2026/GEDN തീയതി,തിരുവനന്തപുരം, 26-02-2026

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29/06/2024-ലെ വിഎ1/3542/2024/ഡിജിഇ നമ്പർ നടപടി ഉത്തരവ്
2. സ.ഉ(സാധാ) നം.6345/2024/പൊ.വി.വ തീയതി 25/09/2024
3. സ.ഉ(സാധാ)നം.1070/2025/പൊ.വി.വ തീയതി 06/02/2025
4. സ.ഉ(സാധാ)നം.9374/2025/പൊ.വി.വ തീയതി 05/11/2025
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05/01/2026 ലെ വിഎ1/251/2025/ഡിജിഇ നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

തൃശ്ശൂർ ഡയറ്റിലെ സീനിയർ ലക്ചറർ ആയ ശ്രീ.കെ.പ്രമോദ് ഡയറ്റിൽ നിന്നും നടത്തിയ പഠനയാത്രയ്ക്കിടെ അധ്യാപക വിദ്യാർഥിനികളായ പെൺകുട്ടികളോട് മോശമായി പെരുമാറിയതായ രക്ഷകർത്താവിന്റെ പരാതിയുമായി ബന്ധപ്പെട്ട് തൃശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ടിയാനെ ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും വേലവിലക്ക് കൽപ്പിച്ച് ഉത്തരവാകുകയും, ടി ഉത്തരവ് സർക്കാർ പരാമർശം (2) പ്രകാരം സാധുകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

2) സസ്പെൻഷനിൽ തുടർന്നിരുന്ന ശ്രീ.കെ.പ്രമോദിന്റെ സസ്പെൻഷൻ കാലയളവ് 28/12/2024-ന് 6 മാസം പൂർത്തിയായതിനെ തുടർന്ന് ടിയാന്റെ സസ്പെൻഷൻ കാലയളവ് 29/12/2024 മുതൽ 6 മാസം കൂടി ദീർഘിപ്പിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി. ടി സസ്പെൻഷൻ

കാലയളവ് 28/06/2025-ന് 6 മാസം പൂർത്തിയാക്കുകയുണ്ടായി.മേൽ വിഷയവുമായി ബന്ധപ്പെട്ട് ടിയാനെതിരെ 1960-ലെ കെ.സി.എസ്.(സി.സി.&എ) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് തുടർ നടപടികൾക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

3) എന്നാൽ ഡി.എൽ.എഡ് (ജനറൽ) പരീക്ഷയുടെ 08/06/2022 ൽ നടന്ന ഒന്നാം സെമസ്റ്റർ വിദ്യാഭ്യാസ മനഃശാസ്ത്രം സിദ്ധാന്തവും, പ്രയോഗവും" എന്ന വിഷയത്തിന്റെ പരീക്ഷ, നവംബർ 2021 ൽ നടന്ന ഇതേ വിഷയത്തിന്റെ സപ്ലിമെന്ററി പരീക്ഷ എന്നിവയ്ക്ക് ഒരേ ചോദ്യ പേപ്പർ സാരമായ മാറ്റമില്ലാതെ തയ്യാറാക്കി നൽകിയ വിഷയവുമായി ബന്ധപ്പെട്ട് ടിയാനെതിരെ 1960-ലെ കെ.സി.എസ്.(സി.സി.എ) ചട്ടം 15 പ്രകാരം ആരംഭിച്ച മറ്റൊരു അച്ചടക്ക നടപടിയുടെ ഭാഗമായി നടത്തിയ ഔപചാരിക അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് 29/06/2025 മുതൽ വീണ്ടും 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

4)പൊതു വിദ്യാഭ്യാസ ഡയറക്ടർ മേൽ വിഷയത്തിലുള്ള ഔപചാരിക അന്വേഷണം പൂർത്തിയാക്കി പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. നിലവിൽ തൃശ്ശൂർ ഡയറ്റിലെ സീനിയർ ലക്ചറർ ആയിരുന്ന ശ്രീ.കെ.പ്രമോദിനെതിരായി മേൽ 2 വിഷയത്തിലുമുള്ള ഔപചാരിക അന്വേഷണം പൂർത്തിയാക്കി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

5)മേൽ സാഹചര്യത്തിൽ, 29/06/2024 മുതൽ സസ്പെൻഷനിൽ തുടരുന്ന ശ്രീ.കെ.പ്രമോദിനെതിരെ 1960-ലെ കെ.സി.എസ്.(സി.സി.എ) ചട്ടങ്ങൾ പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടിയുടെ തീരുമാനത്തിന് വിധേയമായി, ടിയാനെ സർവീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു. ടി ജീവനക്കാരന് അനുയോജ്യമായ നിയമനം നൽകുന്നതിനുള്ള നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉടനടി സ്വീകരിക്കേണ്ടതാണ്.

6)ടി ഉദ്യോഗസ്ഥനെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്കനടപടിയുടെ തീരുമാനത്തിന് വിധേയമായി ടിയാന്റെ സസ്പെൻഷൻ കാലയളവ് പ്രത്യേകമായി ക്രമീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.കെ.പ്രമോദ്, സീനിയർ ലക്ചറർ (നിലവിൽ സസ്പെൻഷനിൽ) (പൊതു

വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&.ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (പൊ.വി-ഡിഎ1/146/2024/പൊവിവ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 27-03-2026 10:28:33
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്